

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** *** **J. C. CHOATE**

*** *** ***

**Published by church of christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 5** **March** **No. 12**





ഗൾഫിൽ യുദ്ധം ആരംഭിച്ചപ്പോഴും അതു മൂർഛിച്ചപ്പോഴും യുദ്ധത്തെക്കുറിച്ച് പലരും പല വിധത്തിൽ അഭിപ്രായ പ്രകടനം നടത്തി. ചിലർ അതു മൂന്നാം ലോകമഹായുദ്ധത്തിന്റെ ആരംഭമെന്ന് മുദ്രകുത്തി. ലോകാവസാനത്തിന്റെ ആരംഭമെന്ന് മററുചിലർ, ഈ യുദ്ധം ബൈബിൾ അനുസാരമെന്ന് വേറൊരുകൂട്ടം, മനുഷ്യരെ തെററിദ്ധരിപ്പിക്കുന്ന പ്രസ്താവനകളും പ്രസിദ്ധീകരണങ്ങളും ഇന്ന് സമൂഹത്തിൽ ധാരാളമുണ്ട് അവ വായിക്കുന്നതു നല്ലതാണ്. പക്ഷേ അവയിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ വേദപുസ്തക സത്യങ്ങളോടു പൊരുത്തപ്പെടുന്നതാണോ എന്ന് പരിശോധിക്കണം. പ്രവചനപുസ്തകങ്ങളിൽ അരുളിച്ചെയ്തിട്ടുള്ളതും സംഭവിച്ചു കഴിഞ്ഞതുമായ കാര്യങ്ങളെ ഉദ്ധരിച്ച് അത് വീണ്ടും സംഭവിക്കുമെന്ന് അനുമാനിക്കുന്നവരുണ്ട്. ഒരിക്കൽ സംഭവിച്ച കാര്യങ്ങളെപ്പോലുള്ള കാര്യങ്ങൾ വീണ്ടും സംഭവിക്കുകയില്ല എന്ന് ഇതിനാൽ അർത്ഥമാക്കരുത്. എന്നാൽ പൊതുവായി സംഭവിക്കുന്നതും പ്രത്യേകമായി സംഭവിക്കുന്നതും രണ്ടും രണ്ടാണ്. എന്തായാലും ഗൾഫിൽ സമാധാനം പുനഃസ്ഥാപിച്ചു കഴിഞ്ഞപ്പോൾ ഇനി ഇക്കൂട്ടർ എന്തു പറയുമെന്ന് ഉററുനോക്കുക. ദൈവം എന്നോടും നിങ്ങളോടും അനുസരിക്കുവാൻ ആവശ്യപ്പെട്ട രക്ഷാമാർഗ്ഗം അംഗീകരിച്ച് ദൈവപ്രസാദമുള്ള ജീവിതം നയിക്കുകയാണ് നമ്മുടെ ധർമ്മം.

പികെ വർഗീസ്

# സ്നാനത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ

J. C. ചോട്ട്

സ്നാനം എന്ന വിഷയത്തെക്കുറിച്ച് ആളുകൾക്ക് മിക്കവാറും ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്. ചിലപ്പോൾ ചോദ്യം എന്ന നിലയിൽ ആകാതെ ചില സൂചനകൾ എടുത്തു കാണിക്കാറുണ്ട്. എങ്ങനെയായാലും സ്നാനത്തെക്കുറിച്ച് പലപ്പോഴും ചോദിച്ചു കേൾക്കാറുള്ള ചോദ്യങ്ങൾക്ക് വേദപുസ്തകാടിസ്ഥാനത്തിൽ നമുക്ക് ഉത്തരം കണ്ടെത്താം.

ക്രിസ്തു എന്തിനുവേണ്ടി സ്നാനമേററു ? അവൻ ദൈവപുത്രനും പാപമില്ലാത്തവനുമായിരുന്നുവല്ലൊ. അവനെ സ്നാനപ്പെടുത്തുന്നതിനെ സംബന്ധിച്ച് യോഹന്നാൻ സ്നാപകനും ഇതുതന്നെയാണ് തോന്നിയതു. എന്നാൽ ക്രിസ്തു പറഞ്ഞു; ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്ന് (മത്തായി 3 : 15). ഈ വിവരം കേട്ട ഉടനെ യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തി. ക്രിസ്തു സ്നാനപ്പെട്ടില്ലായിരുന്നുവെങ്കിലോ ? എങ്കിൽ ആളുകൾ പറയും, ക്രിസ്തു സ്നാനപ്പെട്ടിട്ടില്ലല്ലൊ; അതുകൊണ്ട് ഞങ്ങൾ എന്തിനു സ്നാനപ്പെടണം എന്ന് ? എന്നാൽ തന്റെ സ്നാനത്താൽ യേശു ആ വാദഗതി ഉണ്ടാകാൻ ഇടയില്ലാതാക്കി.

എങ്ങനെയാണ് യേശു സ്നാനപ്പെട്ടതു ? കുട്ടിയായിരുന്നപ്പോഴോ? വെള്ളം കോരിഒഴിച്ചോ ? തളിച്ചോ ? അതോ മുങ്ങലോ ? ശിശു ആയിരുന്നപ്പോഴല്ല എന്നു തിരുവെഴുത്തു വ്യക്തമാക്കുന്നു. ഇന്നു കാണുന്ന ഫിലിമുകളിൽ എല്ലാം യോഹന്നാൻ സ്നാപകൻ യേശുവിന്റെ തല

(ശേഷം 28-ാം പേജിൽ)

# വിശ്വാസവും പ്രവൃത്തികളും

**M. K. Kurian Kadaba**

''സഹോദരന്മാരേ, ഒരുവൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?'' എന്നു തിരുവചനം നമ്മോടു ചോദിക്കുന്നു (യാക്കോ 2:14).

ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കയില്ല എന്നാണ് തിരുവചനം പഠിപ്പിക്കുന്നതു. കാരണം ''ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു'' (വാക്യം 26). എന്നാൽ അതേ സമയം തന്നേ തിരുവചനം ഇപ്രകാരവും പഠിപ്പിക്കുന്നു. ''കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; ............ ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല'' എന്നു (എഫെ 2:8). എന്നാൽ ഇവിടെ ''പ്രവൃത്തികൾ'' എന്നു പഠിപ്പിക്കുന്നതു ന്യായപ്രമാണപ്രകാരമുള്ള (പഴയനിയമ പ്രകാരമുള്ള) പ്രവൃത്തികളെ ആധാരമാക്കിയാണു. പഴയ നിയമാനുസരണമുള്ള പ്രവൃത്തികളും പുതിയ നിയമാനുസരണമുള്ള പ്രവൃത്തികളും തമ്മിലുള്ള അന്തരത്തെയാണു ഇവിടെ സൂചിപ്പിക്കുന്നതു. രക്ഷിക്കപ്പെടുന്നതും നിത്യ രക്ഷ പ്രാപിക്കുന്നതും പഴയ നിയമത്തിന്റെ പ്രവൃത്തിയാലല്ല എന്നു സാരം. ആയതിനാൽ നിത്യരക്ഷയെ സംബന്ധിച്ചിടത്തോളം പഴയനിയമപ്രവൃത്തികളും പുതിയനിയമ പ്രവൃത്തികളും തമ്മിലുള്ള അന്തരം എന്തെന്നു നമുക്കു പരിശോധിക്കാം.

വിശ്വാസവും പ്രവൃത്തിയും ഒരുമിച്ച് കൊണ്ടു പോകാൻ ഇന്നു അധികം പേരും തുനിയുന്നില്ല എന്നതു വാസ്തവമാണ്. അതിന്റെ ഫലം എത്ര അപകടകരമാണ് എന്നു ചിന്തിക്കുക.

''കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം.'' എന്നു പറഞ്ഞിരിക്കുന്നു. കൃപയാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെടുവാൻ കാരണമായി ഭവിച്ചതു സാക്ഷാൽ ദൈവത്തിന്റെ സ്നേഹമാണെന്നു ഇതിൽ നിന്നും വെളിപ്പെടുന്നു (എഫെ 2:4-8). കൂടാതെ ''വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ.'' എന്നു പഠിപ്പിക്കുന്നു (1കൊരി 13:13). ആയതിനാൽ ആ വിശ്വാസത്തിലുള്ള നമ്മുടെ നിലനില്പും ആ വിശ്വാസത്തെ ആധാരമാക്കിയുള്ള നമ്മുടെ പ്രത്യാശയും, ആ സ്നേഹത്തിന്റെ പ്രവൃത്തികളുമാണു ക്രിസ്തീയ ജീവിതത്തിന്റെ വിജയ രഹസ്യം എന്നു വെളിപ്പെടുന്നു. ഇതിൽ നിന്നും ''വിശ്വാസവും പ്രവൃത്തികളും'' എന്നു പഠിപ്പിക്കുന്നതിൽ ''പ്രവൃത്തികൾ'' എന്നു പറഞ്ഞിരിക്കുന്നതു പത്തു കല്പനകളോ ന്യായപ്രമാണ പ്രകാരമുള്ള മററ് ആചാരാനുഷ്ഠാനങ്ങളോ അല്ല എന്നും അതെല്ലാം സ്നേഹത്തിന്റെ (ദൈവ സ്നേഹത്തിന്റെ) പ്രവൃത്തികളെ ആധാരമാക്കിയുള്ളതാണു എന്നും തെളിയുന്നു. (ഗലാ 3:1-14). സ്നേഹത്തിന്റെ പ്രവൃത്തികൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ എപ്രകാരം ഒരു യാഥാർത്ഥ്യമാക്കാം എന്നു നാം ബോധപൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണു. എന്തുകൊണ്ടെന്നാൽ സ്നേഹത്തിന്റെ പ്രവൃത്തികൾ ഇല്ലാതിരുന്നാൽ നമ്മുടെ വിശ്വാസം വ്യർത്ഥമത്രേ.

''സഹോദരന്മാരേ, ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുതു. നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു'' എന്നു പഠിപ്പിക്കുന്നു. നമുക്ക് നിത്യജീവൻ ഉണ്ട് എന്ന് നാം മനസ്സിലാക്കുന്നതു പരസ്പരമുള്ള നമ്മുടെ സ്നേഹത്തെ നാം ശോധന ചെയ്യുമ്പോഴാണെന്ന് ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാം. സ്നേഹം ഉണ്ട് എങ്കിൽ പ്രവൃത്തികളും ഉണ്ട് എന്ന് തെളിയുന്നു. കാരണം ''സഹോദരനെ പകെക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു. യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു'' (1യോഹ. 3:13-25) പുതിയ നിയമ പ്രകാരം നാം നോക്കുമ്പോൾ കുല ചെയ്യാതെ തന്നേ ഒരു വിശ്വാസി കുലപാതകനായി തീരുന്ന വിചിത്രമായ ഒരവസ്ഥാവിശേഷമാണ് ഇവിടെ കാണുന്നതു. കാരണം'' കുല ചെയ്യരുതു എന്നും ............ ഞാനോ നിങ്ങളോടു പറയുന്നതു; സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായ വിധിക്കു യോഗ്യനാകും; സഹോദരനോടു നിസ്സാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ

അഗ്നിനരകത്തിന്നു യോഗ്യനാകും" (മത്താ.5:21,22) (1യോഹ. 3:13-15). എന്നാൽ സ്നേഹവും അതിന്റെ പ്രവൃത്തികളും നമ്മിൽ ഒരു യാഥാർത്ഥ്യമായാൽ ഒരു സഹോദരനോടു യാദൃശ്ചികമായി നാം കോപിച്ചാൽ സ്നേഹത്തിന്റെ പ്രവൃത്തി ആ കോപത്തെ തണുപ്പിക്കുവാനും സഹോദരനോടു നിരപ്പാകുവാനും തദ്വാരാ ന്യായവിധിയിൽ നിന്നു തെററി ഒഴിയുവാനും നമുക്ക് സാധിക്കും.

ഈ സ്നേഹം നമുക്കുണ്ടെങ്കിൽ എല്ലാം ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള ശക്തി നമുക്ക് ലഭിക്കും, സ്ത്രീയെ നോക്കി മോഹിച്ചാൽ ആ മോഹത്തെ നിർമ്മാർജ്ജനം ചെയ്യുവാനും, അയൽക്കാരിൽ നിന്നും ഉപദ്രവം നേരിട്ടാൽ അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും, ശപിക്കുന്നവരെ അനുഗ്രഹിപ്പാനും, ശത്രുക്കളെ സ്നേഹിക്കുവാനും പരോപകാരം ചെയ്യുവാനും, എല്ലാ പരീക്ഷകളേയും നേരിടുവാനും ഉള്ളശക്തി ഈ സ്നേഹത്തിൽക്കൂടി നമുക്കു ലഭിക്കും. ഈ സ്നേഹം നമുക്കുണ്ട് എങ്കിൽ നമുക്കു പരിജ്ഞാനവും ഉണ്ട് എന്നർത്ഥം (ഹോശേയാ. 4:6). എന്തുകൊണ്ടെന്നാൽ "ദൈവം സ്നേഹം തന്നേ"? (1യോഹ.4;9), (1കൊരി. 13:1-8) (ഗലാ.5;22-23),

ഇപ്രകാരം പുതിയ നിയമാനുസരണം തന്നേ, പഴയ നിയമകല്പനകളും അതിലെ ആചാരാനുഷ്ഠാനങ്ങളും അനുസരിച്ചാൽ ലഭിക്കുന്ന നീതീകരണം നമുക്കു ലഭിക്കുന്നു. എന്നാൽ പഴയ നിയമ കല്പനകളും അതിലെ ആചാരാനുഷ്ഠാനങ്ങളും, കഠിനമായതും, അദ്ധ്വാനമേറിയതുമായ ഒരു നുകം ആയിരുന്നു. അതു മുഴുവനും അനുസരിപ്പാൻ ലോകത്തിൽ മനുഷ്യർക്കു സാദ്ധ്യമായിരുന്നില്ല. ആയതിനാൽ കരുണാസമ്പന്നനായ ദൈവം നമുക്കു പുതിയ നിയമം മുഖാന്തരം രക്ഷ കണ്ടെത്തുവാൻ ഒരുക്കിയ മാർഗ്ഗമാണു സ്നേഹം. ഇക്കാരണത്താലാണ് പ്രവൃത്തിയില്ലാത്ത വിശ്വാസത്താൽ ആർക്കും രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ല എന്ന് തിരുവചനം പഠിപ്പിക്കുന്നതു (റോമ. 8:1-4) (യാക്കോ. 2;20). ആയതിനാൽ വിശ്വാസവും പ്രവൃത്തികളും നമ്മിൽ ഒരു യാഥാർത്ഥ്യമാകേണ്ടതിന്നു കർത്താവിന്റെ പുതിയ കല്പന അനുസരിച്ചു നാം പരസ്പര സ്നേഹം ഉള്ളവരായിരിക്കേണ്ടതാണു (യോഹ. 13: 34), (യോഹ. 15:12-14). ആയതിനാൽ "സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ" (1കൊരി. 14:1).

(ശേഷം 26-ാം പേജിൽ)

# ഏഴു സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ ഇരിട്ടി

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആസ്യയിലെ സ്മുർന്നാ റോമാ സാമ്രാജ്യത്തിലെ സംസ്ഥാനങ്ങളിൽ ഒരു പ്രധാനപ്പെട്ട നഗരം ആയിരുന്നു. ഈ നഗരം ഈജീൻ സമുദ്രതീരത്ത് എഫെസൊസിന് വടക്കായി സ്ഥിതിചെയ്തിരുന്നു. എഫെസൊസിൽ നിന്നും സുവിശേഷം ഈ പട്ടണത്തിലേക്ക് വ്യാപിച്ചു എന്നു അനുമാനിക്കാം. ഏതാണ്ടു A. D. 53-55 കാലയളവിൽ ഈ പട്ടണത്തിൽ ക്രിസ്തുവിന്റെ സഭ സംജാതമായിരിക്കാം. സഭയുടെ മൂപ്പന്മാരിൽ ഒരാൾ പോളീക്കാർപ്പ് ആയിരുന്നു. (A. D. 69-155)

## സ്മുർന്നാസഭ

സ്മുർന്നാ എന്ന വാക്കിന്റെ അർത്ഥം കൈപ്പ് (Bitterness) എന്നാണ്. ജീവിതത്തിലെ കൈപ്പേറിയ അനുഭവങ്ങളാകുന്ന കഷ്ടതകൾ, ഉപദ്രവങ്ങൾ, പ്രതികൂലങ്ങൾ, പരിശോധനകൾ ആദിയായവയാണ് സ്മുർന്നാ സഭയും അഭിമുഖീകരിച്ചിരുന്നത്. സുവിശേഷം നിമിത്തം കുററവാളിയായിതീർന്ന യോഹന്നാനെ, റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായിരുന്ന ഡൊമീഷ്യൻ, മനുഷ്യവാസം ഇല്ലാത്ത പത്മൊസ് ദ്വീപിലേക്ക് നാടുകടത്തി. അവിടെവെച്ച് ആത്മവിവശനായ യോഹന്നാൻ സ്മുർന്നാ സഭാദൂതു വാഹകനായ കർത്താവിന്റെ സവിശേഷതയെ ദർശിക്കുന്നത്; മരിച്ചുയിർത്തു വീണ്ടും ജീവിക്കയും ചെയ്യുന്ന ആദ്യനും അന്ത്യനുമായവനെയാണ്. സർവ്വശക്തിയുള്ള ദൈവമായ കർത്താവു അരുളിച്ചെയ്യുന്നു. "ഞാൻ അൽഫയും ഒമേഗയും ആകുന്നു" (വെളി 1:8) "ഞാൻ അൽഫയും ഒമേഗയും ആദിയും അന്തവും ആകുന്നു" (വെളി 21:6).

അൽഫ, ഒമേഗ എന്നിവ ഗ്രീക്കു ഭാഷയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ്. സർവ്വശക്തനായ ദൈവത്തിന്റെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിന്റെയും അനന്യതയെ അക്ഷരാർത്ഥത്തിൽ കൂടിയും പ്രകടമാക്കുന്നു. "യഹോവയായ ഞാൻ ആദ്യനും, അന്ത്യന്മാരോടുകൂടെ അനന്യനും ആകുന്നു." (യെശ 41:4)

യേശു ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിച്ചുകൊണ്ടു അവനിലൂടെ ലഭിക്കുന്ന രക്ഷാമാർഗ്ഗത്തെ നിരസിച്ച് ദുരുപദേശങ്ങൾ പഠിപ്പിച്ചു ജനത്തെ വലച്ചുകളയുന്ന യഹോവ സാക്ഷികളെ സൂക്ഷിച്ചുകൊള്ളണം. അവരെ വീട്ടിൽ കയററുകയോ, അവരുമായി കുശലം പറയു

കയോ ചെയ്യരുതെന്ന് ദൈവ വചനം നമ്മെ കർശനമായി പഠിപ്പിക്കുന്നു. ''ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല. ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ട് അല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവന്ന് കുശലം പറകയും അരുത്.'' (2 യോഹ 9-10) ''പുത്രനെ നിഷേധിക്കുന്നവന്നു പിതാവുമില്ല. പുത്രനെ സ്വീകരിക്കുന്നവന്നു പിതാവും ഉണ്ട്'' (1 യോഹ 2:24). യേശു ക്രിസ്തുവിന്റെ ഉപദേശത്തെ അനുസരിക്കാതെ അതിനെ നിഷേധിക്കുകയും മറികടക്കുകയും ചെയ്യുന്നവർ എതിർ ക്രിസ്തുക്കൾ തന്നെയാണ്.

നമ്മുടെ പിതാവായ ദൈവവും അവന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവും ആദ്യനും അന്ത്യനും തന്നേ. ''പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.'' (സങ്കീ: 90:3). അവനാകുന്നു സ്മുർന്നായിലെ ക്രിസ്തുവിന്റെ സഭയുടെ അന്നത്തെ നഗ്നമായ അവസ്ഥ വെളിപ്പെടുത്തിതരുന്നത്.

''ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും-നീ ധനവാനാകുന്നു താനും-തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദന്മാരല്ല; സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു'' (വെളി 2:9). കഷ്ടതകളും, ഉപദ്രവങ്ങളും. പരിഹാസങ്ങളും ദൂഷണങ്ങളും അനുഭവിച്ച് കർത്താവിന്റെ മഹത്വമുള്ള വേലയുടേയും വിശ്വാസജീവിതത്തിന്റേയും മുഖത്തുനില്ക്കുന്ന വർക്ക്, മരിച്ചുയർത്തു ഇന്നും ജീവിക്കുന്ന കർത്താവിന്റെ സന്ദേശം ധൈര്യവും ആശ്വാസവും പ്രത്യാശയും പകരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്തിനോ റോമാഗവർമ്മെന്റിന്റെ മുദ്രവെച്ച കല്ലറയ്ക്കോ, ലോകത്തിലെ ശക്തിക്കോ അവനെ ഒടുക്കി കളവാൻ കഴിഞ്ഞില്ല. നമ്മുടെ കർത്താവ് സാത്താനെയും അവന്റെ ശക്തിയേയും തോല്പിച്ചു മരണത്തെ ജയിച്ചു. കർത്താവ് ദൈവമക്കളുടെ ദാരിദ്ര്യവും കഷ്ടതകളും ആക്ഷേപങ്ങളും അറിയുന്നു. ''ലോകത്തിൽ നിങ്ങൾക്ക് കഷ്ടതം ഉണ്ട്, എങ്കിലും ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.'' ''നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കുനേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ'' (എബ്രാ. 12:3) കർത്താവ് നമ്മുടെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു എന്നു പറയുന്നത് എത്ര ആശ്വാസകരമാണ്.

(ശേഷം 15-ാം പേജിൽ)

# സ്നേഹമാണഖില സാരം

പി. മോഹനൻ ചേനോളി

"സ്നേഹമാണഖില മൂഴിയിൽ സാരം" വളരെ അർത്ഥവത്തായ ഒരു ആപ്തവാക്യമാണ് ഈ വാചകത്തിലൂടെ നാം മനസ്സിലാക്കുന്നത്. ലോകത്തിൻെറ നിലനില്പു തന്നെ സ്നേഹത്തിലധിഷ്ഠിതമാണ്. പക്ഷിമൃഗാദികളിലും സ്നേഹത്തിൻെറ പ്രതിഫലനങ്ങൾ പ്രകടമാകുന്നു. പക്ഷെ അവയിൽ നിന്നും എത്രയോ വിഭിന്നരാണ് മനുഷ്യർ. സ്നേഹമില്ലാത്ത മനുഷ്യന് മററന്തെല്ലാം ഉണ്ടായിരുന്നാലും അവൻ ശൂന്യതയിലേക്ക് നീങ്ങുന്നു.

നീറിപ്പുകയുന്ന നിരവധി പ്രശ്നങ്ങളുടെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് ഉഴലുന്ന ആധുനിക മനുഷ്യർ ഒരിററു സ്നേഹത്തിനുവേണ്ടി നെട്ടോട്ടം ഓടുകയാണ്. പരസ്പരസ്നേഹത്തിൻെറ പ്രാധാന്യത്തെപ്പററി ധാരാളം മഹാൻമാർ പ്രസംഗിച്ചിട്ടുണ്ടെങ്കിലും അത് തൻെറ ജീവിതത്തിലൂടെ മററുള്ളവർക്കു കാണിച്ചുകൊടുത്തവർ വിരളമാണ്.

സ്നേഹത്തിൻെറ മാഹാത്മ്യത്തെപ്പററി വളരെ ശക്തമായ ഭാഷയിൽ ബൈബിളിൽ വിവിധഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്തെല്ലാം ഗുണങ്ങൾ ഒരു മനുഷ്യനിലുണ്ടായാലും സ്നേഹമില്ലെങ്കിൽ അവൻ ഒന്നുമല്ല എന്ന് ഈ ലേഖന ഭാഗങ്ങളിലൂടെ ക്രിസ്തുനാഥൻ നമ്മെ ഉപദേശിക്കുന്നു.

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം (യോഹന്നാൻ 13:34)". എന്നു അരുൾ ചെയ്തുകൊണ്ട് യേശു സ്നേഹത്തിൻെറ വിശിഷ്ട കാഹളം ലോകത്തിൽ ആദ്യമായി മുഴക്കി. ഇത്രമാത്രം ശ്രേഷ്ടമായ ഒന്നാണ് സ്നേഹമെങ്കിൽ ഇതുപാലിക്കപ്പെടുന്നവർക്ക് അവകാശമായിലഭിക്കുന്നത് "സന്തോഷ"മാണ്. ഈ സന്തോഷത്തിനുവേണ്ടിയാണ് ഇന്നു മനുഷ്യൻ പലതിനേയും ആശ്രയിക്കുന്നത്, അന്വേഷിക്കുന്നത്. മനുഷ്യൻെറ ഏക ലക്ഷ്യം സന്തോഷമാണ്. ജീവിതത്തിൻെറ ഏതു തുറയിലുള്ള മനുഷ്യരും അന്വേഷിക്കുന്നത് നിർവൃതി അഥവാ സന്തോഷം, സംതൃപ്തി മാത്രമാണ്. എന്നാൽ പലരും പല തട്ടുകളിലുള്ള സന്തോഷ

(ശേഷം 23-ാം പേജിൽ)

# വീക്ഷാഗോപുരത്തിലെ യഹോവ-IV

## (Jehovah of the WATCH TOWER)

സാജു ജോർജ്

(തുടർച്ച)

ത്രിത്വോപദേശവും ക്രിസ്തുവിന്റെ ദൈവികത്വവും എന്ന വിഷയമാണല്ലോ നാം പഠിച്ചുകൊണ്ടിരിക്കുന്നത്.

ത്രിയേക ദൈവം ക്രിസ്തുവിൽ അവതാരമെടുത്തു എന്നും ക്രിസ്തുവിന്റെ ശുശ്രൂഷസമയങ്ങളിൽ ഈ ത്രിയേക ദൈവം ക്രിസ്തുവിൽ ഒന്നായിരുന്നു എന്നും അല്ല ക്രിസ്ത്യാനികൾ പഠിപ്പിക്കുന്നത്. തന്റെ ഭൗമികമായ ശരീരത്തിൽ ക്രിസ്തു സ്വയം ദാസരൂപമെടുത്ത്, മനുഷ്യനന്മയ്ക്കു വേണ്ടി പരിമിതപ്പെടുത്തുകയായിരുന്നു (ഫിലിപ്പിയർ 2:5-7). പക്ഷേ സ്വർഗ്ഗം എപ്പോഴും തനിക്കായി തുറക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ സ്നാന സമയത്ത് പിതാവ് സ്വർഗ്ഗത്തിൽ നിന്ന് സംസാരിച്ചു. പരിശുദ്ധാത്മാവ് പ്രാവ് രൂപത്തിൽ കടന്നുവന്നു, പുത്രൻ ജലത്തിൽ സ്നാനമേററു.

ത്രിത്വത്തിലെ ഐക്യതയും, കൂട്ടായ്മയും വ്യക്തമാക്കുന്ന സംഭവമാണ് ഇത് (മത്തായി 3:16-17). ക്രിസ്തു തന്റെ ശിഷ്യന്മാരെ ലോകമെങ്ങും സുവിശേഷം അറിയിക്കുന്നതിനുള്ള ദൗത്യമായി അയയ്ക്കുമ്പോഴും ഈ ആശയം തന്റെ കല്പനയിൽ പരാമർശിച്ചിരുന്നു. മത്തായി 28-19-ൽ ''ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിപ്പാനും....''

മനുഷ്യന്റെ പരിമിതമായ ജ്ഞാനത്താൽ ദൈവത്തിന്റെ ആഴമേറിയ ഈ അവസ്ഥയേയും, മർമ്മത്തെയും വ്യക്തമായി ഗ്രഹിക്കുവാൻ കഴിയുകയില്ല. പക്ഷേ ദൈവം നമ്മോട് അറിയിക്കേണ്ട കാര്യങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നു. മൂന്നു ദൈവങ്ങളല്ല പിന്നെയോ സാംരാംശത്തിൽ ഐക്യതയോടുകൂടി പിതാവ്, പുത്രൻ, ആത്മാവ് എന്ന ത്രിയേക ദൈവം.

എന്റെ പിതാവ് എന്നെക്കാൾ വലിയവൻ, എന്ന് യേശുക്രിസ്തു പറയുമ്പോൾ ക്രിസ്തു എന്താണ് അർത്ഥമാക്കിയത്? ക്രിസ്തുപറഞ്ഞത് സത്യമാണ്. ദാസരൂപത്തിലും, മനുഷ്യരൂപത്തിലും (ഫിലി

പ്പീയർ 2:7) പുത്രൻ സ്വന്ത ഇഷ്ടത്താൽ പിതാവിന് കീഴ്പ്പെട്ടിരുന്നു. പക്ഷേ പുത്രന്റെ ഉയിർത്തെഴുന്നേല്പ്പിലൂടെ മഹത്വം പ്രാപിച്ചതിലൂടെ തന്റെ ദൈവികത്വത്തെ ഈ പ്രസ്താവനയിലൂടെ വ്യക്തമാക്കി. ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.'' (മത്തായി 28:18). ക്രിസ്തുവിന്റെ ഭൂമിയിലെ യാത്രയിൽ ആത്മീയമായി ക്രിസ്തു ഒരിക്കലും പിതാവിൽ നിന്ന് താഴ്ന്നവൻ (Inferior) ആയിരുന്നില്ല. There was no Sub ordination of His essence also)

ക്രിസ്തു തന്റെ വാക്കുകളിൽ പറഞ്ഞത് ശ്രദ്ധിക്കുക. ''എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു..........'' യോഹന്നാൻ 5:22-23

ക്രിസ്തുവിന്റെ ദൈവീകത്വത്തെയും, ത്രിയേകവിശ്വാസത്തെയും ഇല്ലാതാക്കുവാൻ പലതരത്തിലും ലോകത്തിൽ ശ്രമങ്ങൾ നടക്കുന്നു. അത്യന്താധമായി വിലയിരുത്തുന്നതിനും, പരിശോധിക്കുന്നതിനും ശ്രമിക്കാതെ ''പിശാചിന്റെ ഉപദേശം' എന്ന് തിടുക്കത്തിൽ വിധിനടത്തുന്നത് എത്രയോ ആശയകുഴപ്പത്തിൽ അനേകരെ എത്തിക്കുന്നു. യോഹന്നാന്റെ ഒന്നാം ലേഖനം 5:7-ൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യം ഇന്ന് മിക്ക ബൈബിളുകളിൽ നിന്നും മാറ്റപ്പെട്ടിട്ടുണ്ട്. ത്രിത്വോപദേശം പഠിക്കുവാൻ ഈ ഭാഗം പരിഗണിക്കപ്പെടുന്നുമില്ല. ഈ വാക്യം ഇപ്രകാരം പറയുന്നു. ''സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്; പിതാവ്, വചനം, പരിശുദ്ധാത്മാവ്; ഈ മൂവരും ഒന്നു തന്നേ'' ഈ വചനത്തിന്റെ ആധികാരികതയെ (authenticity) കുറിച്ച് സംശയമുള്ളതുകൊണ്ടാണ് ഇവ അംഗീകരിക്കപ്പെടാത്തത്.

4-ാം നൂറ്റാണ്ടിൽ Ithacius, A D 385-ൽ Priscillians, 5-ാം നൂറ്റാണ്ടിൽ Virgilius Tapsensis എന്നീ ആദിമ എഴുത്തുകാർ ഈ വേദഭാഗം പരാമർശിച്ചു. പക്ഷേ Watch tower-ന്റെ Emphatic Diaglott (P-803)-ൽ പറഞ്ഞു ലത്തീൻ പിതാക്കന്മാർ ആരും ഈ വേദ ഭാഗം ഉപയോഗിച്ചിരുന്നില്ല എന്ന്. പിന്നീടും അവർ അല്പം ഭേദഗതി വരുത്തിയിട്ടും ഇപ്രകാരം കൂട്ടി ചേർത്തു-'' അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ Virgilius Tapsensis - ആദ്യമായി ഈ ഭാഗം ഉപയോഗിച്ചു'' എന്ന്. ഈ പ്രസ്താവനകൾ തെറ്റാണെന്നും, പരസ്പര വിരുദ്ധമാണെന്നും Nestle'e Greek New Testament (P. 606)-ൽ കാണുന്നു.

തിരുവെഴുത്തുകളിലുടനീളം ക്രിസ്തുവിന്റെ വ്യക്തിത്വത്തെ പരാമർശിക്കുന്ന അനേകം ഭാഗങ്ങൾ കാണുവാൻ കഴിയും. യഹോവയായ ദൈവം മനുഷ്യരൂപത്തിൽ വന്നതാണ് യേശു ക്രിസ്തു.

എന്ന് തെളിയിക്കുന്ന ചില വേദ ഭാഗങ്ങൾ നമുക്ക് പരിശോധിക്കാം. ക്രിസ്ത്യാനിത്വത്തിന്റെ മൂലക്കല്ലുകളിൽ ഒന്നാണ് ക്രിസ്തുവിന്റെ ദൈവീകത്വം. ക്രിസ്തീയ വിശ്വാസത്തിലെ ഈ ഉപദേശം അപമാനിക്കപ്പെട്ടതുപോലെ മറ്റൊരു ഉപദേശവും ഇത്രയധികം ആരോപണങ്ങൾക്കും, ആക്രമണങ്ങൾക്കും വിധേയമായിട്ടില്ല.

ക്രിസ്തുവിന്റെ ദൈവീകത്വം യഹോവ സാക്ഷികൾക്ക് നേരെയുള്ള നല്ല ഒരു മറുപടിയാണ്. ത്രിത്വം യാഥാർത്ഥ്യമാണെങ്കിൽ, അതായത് യേശുവും യഹോവയും ഒന്നുതന്നെയാണെങ്കിൽ ഈ സംഘടനയുടെ തകർച്ച തീർച്ചയാണ്. കൂടാതെ ഇവർ സത്യവിരുദ്ധമായ ചില മാനുഷിക വിശ്വാസങ്ങളിൽ നിലനില്ക്കുന്നു എന്നും തെളിയിക്കപ്പെടുന്നു.

**യെശയ്യാവ് 7:14** ''അതുകൊണ്ട് കർത്താവ് (യഹോവ) തന്നേ നിങ്ങൾക്കു ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും''

**യെശയ്യാവ് 9:6** ''നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.''

**മീഖാ 5:2** ''നീയോ ബേത്ത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്ന് ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.''

പഴയ നിയമ താളുകളിൽ സൈന്യങ്ങളുടെ അധിപനായ യഹോവ താൻ മനുഷ്യരൂപത്തിൽ വരുന്നതിനെക്കുറിച്ചുള്ള പദ്ധതി വെളിപ്പെടുത്തുകയും അപ്രകാരം പ്രവചിക്കപ്പെട്ടതു പോലെ നിവർത്തിക്കുകയും ചെയ്തു. മത്തായി 1:23, ലൂക്കോസ് 1:32-33, യോഹന്നാൻ 1:14. അങ്ങനെ "ദൈവം നമ്മോടുകൂടെ എന്ന വാഗ്ദത്തം നിവർത്തിച്ചു ക്രിസ്തുവിലൂടെ' യെശയ്യാവ് 7:14-ലെ മർമ്മപ്രധാനമായ ഭാഗം ഇമ്മാനുവേൽ എന്ന ഭാഗമാണ്. അതിന്റെ അർത്ഥം-ദൈവം നമ്മോടുകൂടെ എന്നാണല്ലോ. യെശയ്യാവ് 43:10-11-ൽ....

എനിക്കുമുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല., എന്റെ ശേഷം ഉണ്ടാകയുമില്ല. ഞാൻ, തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല'' അതുകൊണ്ട് യേശുക്രിസ്തുവും യഹോവയായ ദൈവവും ഒരേ സാരാംശവും, തത്വവും ഉള്ളവർ എന്ന് വ്യക്തമാകുന്നു. ഈ പ്രവചനം മത്തായി 1:22-23-ൽ നിവർത്തിയായതായി വായിക്കുന്നു.

എബ്രായ തിരുവെഴുത്തിലെ യെശയ്യാവ് 9: ക്രിസ്തുവിന്റെ ദൈവീകത്വം തെളിയിക്കുന്നതിന് ശക്തമായതും, മതിയായതുമായ ഒരു തെളിവാണ്. യഹോവ മനുഷ്യനായി കടന്നു വരുന്നതിനുള്ള പദ്ധതി അവിടെ വ്യക്തമാക്കുന്നു. ദൈവത്തിന്റെ മാത്രം വിശേഷണങ്ങളായി അത്ഭുത മന്ത്രി വീരനാം ദൈവം നിത്യപിതാവ്, സമാധാനപ്രഭു എന്നീ പേരുകളാൽ അറിയപ്പെടുന്ന ആ നല്കപ്പെട്ട മകൻ, ജനിച്ച ശിശുവിന് സകല ആധിപത്യവും പ്രവചിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

വീരനാം ദൈവം എന്ന വിശേഷണം യെശയ്യാവ് 43:10-11ന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ യേശു ക്രിസ്തു എന്ന ആ നല്കപ്പെട്ട മകൻ ദൈവം തന്നെയാണെന്ന് ഉറപ്പുനൽകുന്നു. യഹോവ സാക്ഷികൾ പറയും യേശു ക്രിസ്തു വീരനാം ദൈവമാണ് (a Mighty God). പക്ഷേ സർവ്വശക്തനായ ദൈവമല്ല എന്ന് (Not Almighty God). പക്ഷേ തിരുവെഴുത്തിൽ യെശയ്യാവ് 10:21-ൽ ''ഒരു ശേഷിപ്പു മടങ്ങിവരും; യാക്കോബിന്റെ ശേഷിപ്പു വീരനാം ദൈവത്തിങ്കലേയ്ക്കു മടങ്ങി വരും'', എന്നു പറയുന്നു.

യഹോവ തന്റെ സ്വന്തം വാക്കുകളിൽ മോശയോടു പറഞ്ഞു ''യാക്കോബിന്റെ ദൈവം'' ആണ് ഞാൻ എന്ന്. യിരമ്യാവ് 32:18 പ്രവാചകൻ പ്രഖ്യാപിച്ചത് 'മഹത്വവും വല്ലഭത്വവുമുള്ള ദൈവമേ' **(The Great, the Mighty God).**

ആയതിനാൽ യഹോവസാക്ഷികൾ പറയുന്നത് നാം വിശ്വസിക്കുന്നുവെങ്കിൽ രണ്ടാം വീരനാം ദൈവം (Mighty God) ഉണ്ടു എന്ന് പറയേണ്ടിവരും. ക്രിസ്തുവും യഹോവയും. കാരണം യഹോവയെ Mighty God എന്ന് പ്രവാചകന്മാർ പറഞ്ഞിരിക്കുന്നു. യെശയ്യാവ് 45:22 പ്രകാരം ''ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ'' എന്നതിനാൽ രണ്ടു വീരനായ ദൈവങ്ങളല്ല പിന്നെയോ ക്രിസ്തുവും യഹോവയും ഐക്യതയിലാണെന്നും അവർ ഒന്നാണെന്നും കാണുന്നു.

മീഖാ 5:2-ൽ ക്രിസ്തുവിന്റെ ജന്മസ്ഥലം മാത്രമല്ല പ്രാധാന്യമായിട്ടുള്ളത്....കൂടാതെ ക്രിസ്തുവിനെ തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള സൂചനയും നല്കുന്നു. ''അവന്റെ ഉത്ഭവം പണ്ടേയുള്ളതും, പുരാതനമായതും തന്നേ'' **(Whose origin is from everlasting)** ദൈവം മാത്രമാണ് നിത്യമായിട്ടുള്ളതും, നിത്യമായി നിലനില്ക്കുന്നതും (യെശയ്യാവ് 44:6).

ക്രിസ്തു പണ്ടേയുള്ളതും, പുരാതനമായതുമാണെങ്കിൽ **Whose going forth have been from of old; from everlasting)** ക്രിസ്തു ആരാണ് ?

***

(9-ാം പേജിന്റെ തുടർച്ച)

മിസ്രയീമിൽ ഫറവോന്റെ അടിമത്തത്തിൽ കിടന്നിരുന്ന യിസ്രായേൽ ജനത്തിന്റെ കഷ്ടത മഹാകാരുണ്യവാനും ദയാലുവുമായ ദൈവം അറിഞ്ഞപ്പോൾ മോശയെ അവരുടെ വിടുതലിനായി അയച്ചു. ''യഹോവ അരുളി ചെയ്തത്, മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു. ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു. ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു'' (പുറ. 3:7). സ്മുർന്നായിലെ ക്രിസ്തുവിന്റെ സഭയുടെ കഷ്ടതയും ദാരിദ്ര്യവും കർത്താവ് അറിയുന്നു. സ്മുർന്നാ സഭയിലെ വിശ്വാസികൾ റോമാ അധികാരികളുടെ ഭരണത്തിൻ കീഴിൽ, വിശ്വാസ ജീവിതത്തിനുവേണ്ടി അനവധി കഷ്ടതകളോട് പോരാടിയും അതോടൊപ്പം അവർ ദാരിദ്ര്യവും അനുഭവിക്കേണ്ടിവന്നു. എത്രയോ ത്യാഗോജ്ജ്വലമായ ജീവിത മാതൃകയാണ് സ്മുർന്നായിലെ ക്രിസ്തുവിന്റെ സഭയിലെ സഹോദരങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

യേശു ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം കഷ്ടം സഹിക്കാൻ ഇന്നാരുണ്ട്? എല്ലാവർക്കും വാതോരാതെ പ്രസംഗിക്കണം. ക്രിസ്തുവിനെപ്പോലെയോ അവന്റെ അപ്പോസ്തലന്മാരെ പോലെയോ അപ്രകാരം വിശ്വാസ ജീവിതത്തിൽ എരിഞ്ഞടങ്ങിയ ദൈവമക്കളെ പോലെയോ ഇറങ്ങിത്തിരിക്കാൻ ഇന്നാരുമില്ല. സുവിശേഷ വേലയ്ക്കായി ഒരാളെ ആരെങ്കിലും പ്രോത്സാഹിപ്പിച്ചാൽ പ്രശ്നങ്ങൾ പിന്നെയും അവശേഷിക്കുകയാണ്. അയാളെ ഒരു സഭയിലാക്കണം, നല്ല ശമ്പളം കൊടുക്കണം. പിന്നെ അവന്റെ നോട്ടം എത്തുന്നത് ആധുനിക സൗകര്യങ്ങളിലേയ്ക്കാണ്. പിന്നെ എന്തുപറഞ്ഞാലും മറുതലിപ്പും പിറുപിറുപ്പും. എത്ര നാണം കെട്ട അവസ്ഥാവിശേഷമാണ് ഇന്നത്തെ ദൈവവേലയുടെ പിന്നിൽ ഒതുങ്ങി കിടക്കുന്നത്.

ഹാരാനിൽ വച്ച് അബ്രഹാമിനെ ദൈവം വിളിച്ചു. വേർതിരിച്ചപ്പോൾ അവൻ കേട്ട ശബ്ദം ''ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക'' എന്നായിരുന്നു (ഉല്പ. 12:1). അവൻ തന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു. അബ്രഹാം യാതൊരു ആശങ്കയും കൂടാതെ സർവ്വസമ്മതനായി ദൈവവിളിയുടെ പിന്നാലെ ഇറങ്ങി തിരിച്ചു. 'വിശ്വാസികളുടെ പിതാവെന്ന' അപരനാമത്താൽ അബ്രഹാമിനെ നാം ഇന്നറിയുന്നു.

കഴിഞ്ഞ ഒരവസരത്തിൽ ഒരാൾ ഞങ്ങളുടെ വീട്ടിൽ വന്നു. കർത്താവിന്റെ വേലയ്ക്കു അവസരം ലഭിക്കുമോ എന്നുള്ള അന്വേഷണമായിരുന്നു ആയാൾക്ക് ഉണ്ടായിരുന്നത്. മലബാർ പ്രദേശത്തുള്ള സുവിശേ

ഷവേലയുടെ ബുദ്ധിമുട്ടുകളും കഷ്ടതകളേയും കുറിച്ചു ഞാൻ അയാളോടു സംസാരിച്ചു. നിന്ദകളും പരിഹാസങ്ങളും ധാരാളം അനുഭവിക്കേണ്ടിവരും. അതിലും ഉപരിയായി മററുള്ളവരിൽ നിന്നും ബഹുമാനമോ, സ്നേഹമോ, സാമ്പത്തിക സഹായമോ ലഭിച്ചില്ലെന്ന് വന്നേക്കാം.

'പിന്നെ എങ്ങനെയാണ് ജീവിക്കുക? ആടിനെ മേയ്ക്കുന്നവൻ ആടിന്റെ പാൽ കൊണ്ട് ഉപജീവിക്കണമെന്ന് പൗലോസ് പഠിപ്പിക്കുന്നുണ്ടല്ലോ'? അതുപോലെ തന്നെ 'വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരികൊടുക്കണമെന്നും ''സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു'' (1കൊരി 9:7,14; ഗലാ. 6:6) എന്ന് അയാൾ ദൈവവചനം ഉദ്ധരിച്ചു കൊണ്ട് പറഞ്ഞു. കാര്യങ്ങൾ ഒക്കെശരിയാണ്. പക്ഷേ കേരളത്തിലെ ആടുകൾക്ക് പാൽ കുറവാണ്. പ്രത്യേകിച്ച് മലബാറിൽ; മായമില്ലാത്ത പാൽ എത്ര തന്നെ കോരിയൂട്ടിയാലും അതു ആത്മാർത്ഥമായി അനുഭവിക്കേണ്ടേ? എന്തു ചെയ്യാം.? 'കൊയ്ത്തു വളരെ ഉണ്ട്, വേലക്കാരോ ചുരുക്കം.' ഒരാഴ്ച കഴിഞ്ഞു അയാൾ വരുമെന്നു പറഞ്ഞുപോയി. പക്ഷേ! ഇന്നുവരെയും വന്നിട്ടില്ല. അനേകരും കർത്താവിന്റെ വേലയുടെ മുഖത്ത് പ്രതിഫലം ആഗ്രഹിച്ചുകൊണ്ടാണ് കടന്നു വരുന്നത് നല്ല ശമ്പളം ഒരു നല്ല വാടക വീട് മറെറല്ലാ ആധുനിക സൗകര്യങ്ങളും. അങ്ങനെഉണ്ടെങ്കിൽ സുവിശേഷ വേലചെയ്യാം. സഹോദരാ ദൈവ വിളിയോടെ ഇറങ്ങി, കർത്താവിനു വേണ്ടി കഷ്ടവും നഷ്ടവും സഹിക്കാൻ തയ്യാറായാൽ ദൈവം നിന്നെ പുലർത്തും. ''യഹോവ നല്ലവൻ എന്നുരുചിച്ചറിവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ'' അവന്റെ ഭക്തന്മാർക്ക് ഒന്നിനും മുട്ടില്ലല്ലോ?'' ''ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല'' (സങ്കീ. 34:8-10)

സുവിശേഷവേല ചെയ്തു അനുഗ്രഹം പ്രാപിക്കുന്ന അനേകം ദൈവമക്കളുടെ നേരെ മററുള്ളവർക്ക് കണ്ണു കടി കൂടും. അവരുടെ കണ്ണു കടി കൂടുന്തോറും ദൈവം തന്റെ മക്കളെ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും.

സ്മുർന്നായിലെ ക്രിസ്തുവിന്റെ സഭയിലെ വിശ്വാസികൾ കഷ്ടതയിലും ദാരിദ്ര്യത്തിലും ആയിരുന്നെങ്കിലും അവർ ധനവാന്മാരാകുന്നു എന്നു കർത്താവ് അരുളിചെയ്യുന്നു. അതെ ദൈവമക്കൾ ആത്മീയമായും ഭൗതീകമായും ഐശ്വര്യവും സമ്പത്തും ഉള്ളവരാണ്. ''ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും'' (സങ്കീ;112;3) പൗലോസ് പറയുന്നത് താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ

ഇരിപ്പാനും എനിക്കു അറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു'' (ഫിലി.4:12,13) ''നേരോടെ നടക്കുന്നവർക്കു അവൻ ഒരു നന്മയും മുടക്കുകയില്ല''(സങ്കീ.84:11)

സുവിശേഷ വേലക്കാരെ ദുഷ്ടലോകം 'വയററിപിഴപ്പുകാർ' എന്നുള്ള ദൂഷണ വിധി പറയുന്നു. ദൂഷിക്കുന്നതു സാത്താന്റെ സ്വഭാവമാണല്ലോ, അങ്ങനെ ഉള്ളവർ സാത്താന്റെ അനുകൂലികളാണ്. കർത്താവ് ശിഷ്യന്മാരോടു പറയുന്നു. ''ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ നിങ്ങൾ ചിരിക്കും. മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളുടെ പേർ വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ; നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത്.'' (ലൂക്കോ. 6:20-23)

''തങ്ങൾ യെഹൂദർ എന്നു പറയുന്നെങ്കിലും യെഹൂദരല്ല; സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു.'' (വെളി 2:9) ലോകമെങ്ങുമുള്ള ക്രിസ്തീയ സമുദായ സംഘടനയിലെ അംഗങ്ങൾ ക്രിസ്ത്യാനികൾ എന്നു പറയുന്നുവെങ്കിലും അവർ ക്രിസ്ത്യാനികൾ അല്ല, അവർ സാത്താന്റെ പള്ളിക്കാരത്രേ. ആരാണ് ക്രിസ്ത്യാനി? ക്രിസ്തുവിനെ അനുഗമിക്കുന്നവൻ, യേശു ക്രിസ്തു പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നിരിക്കുന്നവരാണ്. (റോമ 6:18)'' നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരുമായിത്തീർന്നവർ (വെളി 1;6) വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ട്'' ജനിച്ചവരാണ് (1 പത്രോ 1:18).

''അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കുന്നവർ (റോമ 6:4). ഇങ്ങനെ ഉള്ളവരാണ് ക്രിസ്ത്യാനികൾ. അവരാണ് ക്രിസ്തുവിന്റെ രാജ്യമാകുന്ന സഭ.

സ്നേഹിതാ! നീ ഒരു ക്രിസ്ത്യാനിയോ സാത്താന്റെ പള്ളിക്കാരനോ? ഇന്നത്തെ സമുദായ സംഘടനാനേതാക്കളും അതിന്റെ വക്താക്കളും മായം ചേർത്ത ദുരുപദേശങ്ങളാകുന്ന പാൽകുടിപ്പിച്ച് നിന്നെ സാത്താന്റെ പള്ളിക്കാരനാക്കി തീർത്തിരിക്കുകയാണ്. നിന്റെ ഹൃദയ

ദൃഷ്ടി പ്രകാശിച്ച് സത്യവചനത്തെ യഥാർത്ഥമായി ഗ്രഹിച്ച് നീ തിരികെ വരേണ്ടിയിരിക്കുന്നു. പൊട്ടിപ്പും തൊങ്ങലും കൊണ്ട് മോടി പിടിപ്പിച്ചു ലോകാനുരൂപമായി തീർന്നിരിക്കുന്ന ക്രിസ്തീയ സമുദായ സംഘടനാ സഭകളെ വിട്ടൊഴിയുക. വചനാനുസരണമായ ക്രിസ്തുവിന്റെ സഭകൾക്കു അവർ എന്നും ഭീഷണിയാണ്.'' അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയ കാഠിന്യം നിമിത്തം തന്നേ ദൈവത്തിന്റെ ജീവനിൽ നിന്നു അകന്നു മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിനു തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു (എഫെ 4:18,19).

അവർ ''മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല'' (കൊലൊ 2:8).

''നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ. നിങ്ങളെ പരീക്ഷിക്കേണ്ടതിനു പിശാചു നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു.'' (വെളി 2:10)

ദൈവമക്കൾക്കെതിരെ ദൂഷണങ്ങളും അപവാദങ്ങളും കെട്ടിച്ചമച്ചുകൊണ്ട് നാക്കിനു കടിഞ്ഞാൺ ഇല്ലാതെ മിനക്കെട്ടു നടക്കുന്നവർ ഇന്നു വളരെയധികം ഉണ്ട്. ഈ കൂട്ടർ സാത്താന്റെ സ്തുതി പാഠകരാണ്. ''അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു. അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു'' (യോഹ. 8: 44). പിശാചു ദൈവമക്കളെ പരീക്ഷിക്കേണ്ടതിന് അവനെ തടവിലാക്കും. ഊസ് ദേശത്തെ ദൈവ ഭക്തനും നീതിമാനും. ദോഷം വിട്ടകന്നവനുമായ ഇയ്യോബിനെ സാത്താൻ തടവിലാക്കി: അവന്റെ നേരെ അനേക വിധത്തിലുള്ള കഷ്ടനഷ്ടങ്ങളും ദുരിതങ്ങളും തൊടുത്തുവിട്ടെങ്കിലും ഇയ്യോബ് അതിൽ തളർന്നുപോകാതെ അതിനെ എല്ലാം അതിജീവിച്ചു. അവൻ വിശ്വാസത്തിൽ പതറിപ്പോകാതെയും ദൈവത്തിൽ ശരണപ്പെട്ടും സാത്താന്റെ ഉരുക്കു കോട്ടകളെ തകർത്തു, തീയിൽ ഊതിക്കഴിച്ച പൊന്നു പോലെ പുറത്തു വന്നു. ''ഒരു ബാധയും നിന്റെ കൂടാരത്തിൽ അടുക്കയില്ല. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും'' (സങ്കീ 91:10,11)

''നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവയെല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു.'' (സങ്കീ 34:18). നീ സഹിപ്പാനുള്ളതു പേടിക്കേണ്ടാ! കർത്താവു തന്റെ മക്കൾക്ക് ആശ്വാസവും, ധൈര്യവും നല്കുന്നു. ''ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്'' (മത്താ 28:20).

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവഹിതം

## സാജു സി. യു. കടാമ്പ

ഔന്നത്യത്തിന്റെ പടവുകൾ താണ്ടിയെന്ന് സ്വയം ഊറ്റം കൊള്ളുന്ന നാമെല്ലാം ഇന്നും ദൈവിക കാര്യത്തിൽ അന്ധരും ബധിരരും മൂകരുമാണ്. ഒരു വിഭാഗം അങ്ങനെ അഭിനയിക്കുന്നവരും കുറവല്ല. ഇവരിൽ അധികവും അന്ധവിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെ ദുരാചാരത്തിന്റെയും ചട്ടക്കൂടിൽ സ്വയം നഷ്ടപ്പെടുന്നവരാണ്.

പ്രിയസഹോദരന്മാരേ ഈ മൂടുപടം ഉയർത്തി നിങ്ങളിലേക്ക് ഒരു നിമിഷം ഒന്നെത്തിനോക്കിയാൽ മനസിലാകും നിങ്ങൾ താണ്ടിയ വഴികൾ എത്ര ദുർഘടവും ദുഃസഹവും ഇടുങ്ങിയതും ആണെന്ന്. പാരമ്പര്യത്തിന്റെയും അന്ധവിശ്വാസത്തിന്റെയും മൂടുപടം നീക്കാൻ നിങ്ങൾ തയ്യാറായാൽ ദൈവത്തിന്റെ പ്രിയമക്കളാകുവാൻ സാധിക്കും.

ഈ ലോകത്തിന്റേതായ ജഢികമോഹങ്ങൾ വെടിഞ്ഞ് ദൈവത്തിനു വേണ്ടി ഒരുക്കമുള്ള മക്കളാകുവാൻ സാധിക്കും. അതിനായി ആത്മാർത്ഥമായി നമുക്ക് ഒന്ന് ശ്രമിച്ചുകൂടെ. അചഞ്ചലമായ മനസ്സും അടിപതറാത്ത ആത്മധൈര്യവും ലക്ഷ്യബോധത്തോടുകൂടിയ മുന്നേറ്റവും ലക്ഷ്യം കണ്ടെത്താനുള്ള പാതയാണെങ്കിൽ വിശ്വാസത്തോടുകൂടി മുന്നേറിയാൽ ദൈവികപാത കണ്ടെത്തുവാൻ നമുക്കും സാധിക്കും. അതിനായി നാം എന്തെല്ലാം ചെയ്യണമെന്ന് വേദപുസ്തക വെളിച്ചത്തിൽ നമുക്ക് പഠിക്കാം.

വേദപുസ്തക വെളിച്ചത്തിൽ നമ്മൾ കർത്താവായ യേശുക്രിസ്തുവിനെ പററി പഠിക്കുമ്പോൾ നമ്മുടെ ജീവിതരീതി നമ്മുടെ സ്നേഹാധിഷ്ഠിതമായ ജീവിതം എല്ലാം എങ്ങനെ ആയിരിക്കണമെന്ന് മത്തായിയുടെ സുവിശേഷത്തിൽ നമുക്ക് പഠിക്കുവാനായി സാധിക്കുന്നു (മത്തായി-22 57). "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. ഈ വാക്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അതിനെ വില ഇരുത്തുമ്പോൾ അതിൽ വിവരിച്ചിരിക്കുന്ന പ്രകാരം നമുക്ക് നമ്മുടെ ദൈവമായ കർത്താവിനെ സ്നേഹിക്കുവാൻ സാധിച്ചാൽ ദൈവത്തിൽ നിന്ന് അല്ലെങ്കിൽ ദൈവീക സ്നേഹത്തിൽ നിന്ന് നമ്മെ പിൻതിരിപ്പിക്കുവാനായിട്ട് ആർക്കും സാധിക്കുകയില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവത്തിന്റെ ശബ്ദം

മേഴ്സി ജോസഫ്

ആദിയിൽ ദൈവം നേരിട്ടും പ്രവാചകന്മാർ മുഖാന്തരവും മനുഷ്യരോട് സംസാരിച്ചു. ന്യായപ്രമാണ കല്പനകളും മനുഷ്യനു നൽകി. അതിൽ കൂടിയും ദൈവം മനുഷ്യനോട് സംസാരിക്കുകയായിരുന്നു. എന്നാൽ പുതിയ നിയമത്തിലേയ്ക്ക് കടക്കുമ്പോൾ ദൈവം മറ്റൊരു ശബ്ദത്തിന് ചെവികൊടുക്കുന്നതിലേയ്ക്ക് മനുഷ്യനോട് കല്പിക്കുന്നു.

മത്തായിയുടെ സുവിശേഷം പതിനേഴിന്റെ ഒന്നു മുതൽ അഞ്ചു വരെയുള്ള വാക്യത്തിൽ നാം വായിക്കുന്നത്, ആറുദിവസം കഴിഞ്ഞ ശേഷം യേശു പത്രോസിന്റെയും യാക്കോബിന്റെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടി തനിച്ച് ഒരു ഉയർന്ന മലയിലേയ്ക്ക് കൊണ്ടുപോയി. അവരുടെ മുൻപാകെ രൂപാന്തരപ്പെട്ട് അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു. മോശയും ഏലിയാവും അവനോട് സംഭാഷിക്കുന്നതായി കണ്ടു. അപ്പോൾ പത്രോസ് അവനോട്, കർത്താവേ, നാം ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം ഒന്നു നിനക്കും ഒന്ന് മോശെയ്ക്കും ഒന്ന് ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നും ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു ഇവനു ചെവികൊടുപ്പിൻ എന്നൊരു ശബ്ദവും ഉണ്ടായി.

ഇനി നമുക്ക് അവന്റെ ശബ്ദത്തിനായി ചെവി കൊടുക്കാം. **'ഞാൻ നല്ല ഇടയൻ'** എന്നു യേശു പറഞ്ഞു. ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു (യോഹന്നാൻ 10:11). ആടുകൾ ഇടയന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു (യോഹന്നാൻ 10:4). ഒരിക്കൽ ഇടയനില്ലാതിരുന്ന നമുക്കു വേണ്ടി നല്ല ഇടയനായി യേശു വന്നു. നാമോ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ്, അവനെ പിൻപറ്റുകയത്രേ വേണ്ടത്. അവന്റെ ശബ്ദം തിരിച്ചറിയുകയും അതിനെ പിൻപറ്റുകയും ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണെന്ന് നമുക്ക് നോക്കാം.

**"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു."** യേശു പറഞ്ഞു ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു (യോഹന്നാൻ 14:6). ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. യേശു പിതാവിന്റെ അടുക്കലേയ്ക്കുള്ള വഴിയായി തീരണമെങ്കിൽ മനുഷ്യനും പിതാവിനും മദ്ധ്യേ വഴിതടസ്സം ഉണ്ടായിരിക്കണം. എന്നുള്ള വസ്തുത നാം മനസ്സിലാക്കണം. പാപം മൂലമുണ്ടായ ആ വേർപാട് നികത്തിക്കൊണ്ടു നമുക്ക് പിതാവിങ്കലേയ്ക്ക് വഴിയായിത്തീർന്നു. എഫേസ്യർ 2:15, 16, 17 വാക്യങ്ങളിൽ അപ്പോസ്തലനായ പൗലോസ് പറയുന്നത് നോക്കുക. അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞ് സമാധാനം ഉണ്ടാക്കികൊണ്ട് ഇരുപക്ഷത്തെയും തന്നിൽതന്നെ ഒരു പുതുമനുഷ്യനായി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വച്ച് ശത്രുത്വം ഇല്ലാതാക്കി. അതിനാൽ ഇരു പക്ഷത്തേയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നെ. അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേയ്ക്ക് പ്രവേശനം ഉണ്ട് (എഫേസ്യർ 1:18).

**ഞാൻ ജീവന്റെ അപ്പം** (യോഹന്നാൻ 6:15)

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ, ജീവനുള്ള അപ്പം ഞാൻ ആകുന്നു: ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുക്കാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം തന്നെ (യോഹന്നാൻ 6:51). അതെ യേശു നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി, നമുക്ക് ജീവനുണ്ടാകേണ്ടതിന് തന്റെ മാംസം നുറുക്കി, തന്റെ രക്തം ഊററി മറുവിലയായി കൊടുത്തു. അപ്പോസ്തലനായ പൗലോസ് പറയുന്നത് നോക്കുക ''അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൽ ഒഴിച്ചു വേഷത്തിൽ മനുഷ്യനായ് വിളങ്ങി; തന്നത്താൻ താഴ്ത്തി മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു'' അവന്റെ അനുസരണം നമ്മുടെ രക്ഷക്കായി തീർന്നെങ്കിൽ നാം ആ രക്ഷ പ്രാപിക്കുന്നതെങ്ങനെ? അവൻ നമുക്കായി മരിച്ചു എന്നുള്ള ദിവ്യമായ സുവിശേഷം നാം കേൾക്കുക, വിശ്വസിക്കുക, പാപം നിറഞ്ഞ നമ്മുടെ പഴയ മനുഷ്യനെ മരിപ്പിച്ച് മാനസാന്തരപ്പെടുക, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെട്ടു അവന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ബന്ധപ്പെടുക. അങ്ങനെ രക്ഷിക്കപ്പെട്ട് ഒരു പുതിയ മനുഷ്യനായി അവന്റെ രാജ്യത്തിന് അവകാശിയായിത്തീരുക.

**എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പ്രമാണിക്കും** (യോഹന്നാൻ 15:23). സ്നേഹിതനുവേണ്ടി ജീവൻ കൊടുക്കുന്ന വലിയ സ്നേഹം യേശു നമുക്ക് കാണിച്ചുതന്നു. നാം ഇപ്പോൾ ഒരു പുതിയ സൃഷ്ടി ആണ്. പൗലോസ് അപ്പോസ്തലൻ പറയുന്നത് നോക്കുക. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി (2കൊരിന്ത്യർ 5:17). പുതിയ സൃഷ്ടികളായ നമ്മോട് അടങ്ങിയിരിക്കുവാനല്ല കർത്താവു കല്പിക്കുന്നത്. നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ (മത്തായി 28:19). ഈ കല്പന നാം പ്രമാണിച്ചില്ലെങ്കിൽ നാം അവനെ സ്നേഹിക്കുന്നു എന്നു പറയുന്നതിലെന്തർത്ഥം. നാം നിഷ്ക്രിയരായിരിക്കുന്നുവെങ്കിൽ കർത്താവു പറയുന്നതു നോക്കുക ''ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല. ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ലാ, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയും (വെളിപ്പാട് 3: 15, 16).

പ്രിയമുള്ളവരേ നമ്മുടെ കഴിഞ്ഞ കാലം നാം മറക്കുക. ഒരു പുതിയ വർഷം 1991-ൽ യേശുക്രിസ്തുവിന്റെ കല്പനകളെ പ്രമാണിപ്പാൻ തക്കവണ്ണം പുതിയ പ്രതിജ്ഞയുമായി നമുക്ക് പുറപ്പെടാം. നാം ഫലം പുറപ്പെടുവിക്കുന്നവരായി തീരുമോ എന്നു നോക്കാനായിരിക്കും ദൈവം ഒരു വർഷം കൂടെ നീട്ടിത്തന്നിരിക്കുന്നത്. നാം ഉഷ്ണവാനായി, ദൈവത്തിനുവേണ്ടി ഫലം കായ്ക്കുന്നവരായി, നമ്മുടെ ബലഹീനതകൾ കർത്താവിനോട് ഏറ്റുപറഞ്ഞ്, കർത്താവിൽ നിന്നും ബലം പ്രാപിച്ച് കർത്താവിന്റെ കല്പനകളെ പ്രമാണിക്കുന്നവരായി കർത്താവിനു വേണ്ടി ജീവിക്കാം. കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ!

***

(10-ാം പേജിന്റെ തുടർച്ച)

മാണ് അന്വേഷിക്കുന്നത് എന്നു മാത്രം. എല്ലാതരത്തിലുള്ള സന്തോഷവും ഉചിതമായ തോതിലും ആരോഗ്യകരമായ വിധത്തിലും അന്വേഷിക്കുവാൻ നമുക്ക് അവകാശമുണ്ട്. നമുക്ക് അവ ആവശ്യമാണ്. എന്നാൽ ഏററവും ആഴമായവിധത്തിൽ നമുക്ക് നിലനില്ക്കുന്ന സന്തോഷം നല്കുന്നത് സ്നേഹത്തിൽ കൂടിയുള്ള സന്തോഷമാണ്. മനുഷ്യരുടെ അനുഭവം ഇതിനു തെളിവുനൽകുന്നു. സ്നേഹത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് വില്യം ഷേക്സ്പിയർ പറയുന്നത് ''സ്നേഹം സംസാരിക്കുമ്പോൾ അതിന്റെ താളലയത്തിൽ സ്വർഗ്ഗം മയങ്ങുന്നു'' എന്നാണ്. സ്നേഹം എന്നത് ആത്മദാനം അഥവാ സ്വയം ദാനമാണ്. തന്നെ മററൊരാളുടെ വളർച്ചയ്ക്കു വേണ്ടി നൽകുന്നതാണ് സ്നേഹം. നമുക്കുണ്ടാകുന്ന പണം, അറിവ്, ആരോഗ്യം തുടങ്ങിഎല്ലാം മററുള്ളവരുടെ നന്മയ്ക്കുവേണ്ടി നാം ചെലവഴിക്കുമ്പോൾ യഥാർത്ഥമായ സന്തോഷം നമുക്ക് അനുഭവപ്പെടുന്നു. ഈ സന്തോഷം സ്നേഹത്തിൽ നിന്നുള്ളതാണ്, അതു മാത്രമാണ് സ്ഥായിയായിരിക്കുന്ന സന്തോഷം.

നാം നമ്മുടെ ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. യേശു തന്റെ മരണ സമയത്ത് മരക്കുരിശിൽ തൂങ്ങിക്കിടന്ന് പ്രാണൻ വെടിയുന്ന അവസരത്തിൽ യഹൂദപടയാളി കുന്തം കൊണ്ട് യേശുവിന്റെ മാറിടത്തിൽ കുത്തി മുറിവേല്പ്പിച്ചപ്പോൾ അവിടെ നിന്നും തെറിച്ചുവീണ രക്തം കൊണ്ട് മനുഷ്യന്റെ പാപമോചനം സാദ്ധ്യമാക്കിതീർക്കുകയാണ് എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ് സ്നേഹത്തിന്റെ പ്രകടനം.

സ്നേഹം ഒരിക്കലും കോപിക്കുകയില്ല, സംശയിക്കുകയില്ല, വിദ്വേഷം വച്ചു പുലർത്തുകയില്ല, അസൂയപ്പെടുകയില്ല, അഹങ്കരിക്കുകയില്ല. അന്യന്റെ ഉയർച്ചയിൽ സന്തോഷിക്കുകയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. പരിപാവനമായ സ്നേഹത്തിന്റെ സ്വരൂപം ഇതായിരിക്കും. ശത്രുക്കൾ ദിവ്യപുരുഷന്റെ മുഖത്തു തുപ്പുകയും അടിക്കുകയും ചെയ്തപ്പോൾ കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ട് അവിടത്തെ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്തപ്പോൾ ദിവ്യനാഥൻ എല്ലാം സഹിക്കുകയാണ് ചെയ്തത്. ക്രിസ്തുനാഥൻ പ്രാർത്ഥിച്ചു; ''പിതാവേ ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമെ'' പ്രതികാരവാഞ്ഛ ഉണ്ടായിരുന്നു എങ്കിൽ ക്രിസ്തുനാഥൻ കുരിശിൽ നിന്ന് ഇറങ്ങിവന്ന് ശത്രുക്കളെ വിസ്മയഭരിതരാക്കാമായിരുന്നു. അവരെ അത്ഭുതങ്ങൾ വഴി നശിപ്പിക്കാമായിരുന്നു; ഒന്നും ചെയ്തില്ല. സ്നേഹത്തിൽ പ്ര

തികാരചിന്തയില്ല മറിച്ച് അതുല്യമായ സമഷ്ടിശേഷ ഹൃദയത്തിന്റെ ഐക്യമാണ് സ്നേഹമെന്ന് ക്രിസ്തുനാഥൻ നമുക്കു കാണിച്ചുതരികയാണ് ചെയ്യുന്നത്. സകല മനുഷ്യരോടുമുള്ള സ്നേഹാഗ്നിയിൽ ജ്വലിച്ചെരിയുന്ന ഒരു ഹൃദയമാണ് ആ ദിവ്യനാഥനിൽ നമ്മൾ ദർശിക്കുന്നത്. അവനല്ലാതെ യഥാർത്ഥ സ്നേഹം ഈ ലോകത്തിൽ മററാരും കാണിച്ചിട്ടില്ല. ആ അനന്ത സ്നേഹത്തിന്റെ ആഴം മനസ്സിലാക്കുവാൻ കഴിയാതെ ബുദ്ധിഭ്രമം ബാധിച്ചവരെപ്പോലെ നമ്മൾ നീങ്ങുകയാണ്.

ഇന്ന് ഓരോ നിമിഷവും ലോകരാഷ്ട്രങ്ങൾ പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. അതേ സമയം ലോകത്തിൽ പരസ്പര സ്നേഹവും പരസ്പരസഹകരണവും കുറഞ്ഞുവരികയാണ്. ലോകരാഷ്ട്രങ്ങൾ അപര്യാപ്തതയിൽ നിന്ന് സ്വയം പര്യാപ്തതയിലേക്കും അപൂർണതയിൽ നിന്ന് പൂർണ്ണതയിലേക്കും കുതിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് സൃഷ്ടികളോടുള്ള ബന്ധം ബന്ധനമാക്കാതെ കുസൃതികളായ നമ്മൾ സുകൃതികളായിത്തീരുന്നതിന്ന് ഇനിയുള്ള കാലം ഒരു മാലയിലെ മുത്തുമണികൾ പോലെ പരസ്പര സ്നേഹത്തിന്റെ സുവർണ്ണനൂലുകൊണ്ട് ബന്ധിതരാക്കപ്പെട്ട് സഹകരണത്തോടും സഹവർത്തിത്വത്തോടും കൂടി ജീവിക്കുന്ന ഒരു നൂതന സാമ്രാജ്യത്തിന്റെ കാഹളധ്വനിയെ നമുക്ക് കാത്തിരിക്കാം. സ്നേഹമാണഖില മൂഴിയിൽ 'സാരം' എന്ന തത്വം ഇവിടെ സ്മരിക്കപ്പെടും. നിന്നെപ്പോലെ തന്നെ ''നിന്റെ അയൽക്കാരനെ സ്നേഹിക്കുക; സ്നേഹിക്കുന്നവൻ ദൈവത്തെ അറിയുന്നു''

***

# ഒരുങ്ങിയിരിപ്പിൻ

രാജൻ. പി. എൻ.

മനുഷ്യരിൽ ഭൂരിഭാഗവും നിനച്ചിരിയാതെയുണ്ടാകുന്ന സംഭവങ്ങളെ ബുദ്ധിപൂർവ്വം നേരിടുവാൻ വേണ്ട മുൻകരുതലുകൾ ചെയ്യുന്നവരാണ്. വരുമാനത്തിൽ ഒരംശം നിനച്ചിരിയാതെയുണ്ടാകുന്ന ആവശ്യങ്ങൾക്കു വേണ്ടി കരുതുന്നതും ഭാവിസുരക്ഷിതത്വത്തിനും ക്ഷേമത്തിനും വേണ്ടി നിക്ഷേപിക്കുന്നതും സാമാന്യ ബുദ്ധിക്കനുസരണമായി ഭാവിക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണ്. എന്നാൽ ഭാവിയോടുള്ള ബന്ധത്തിൽ മനുഷ്യന്റെ ഏററവും വലിയ ഒരുക്കം തന്റെ ആത്മരക്ഷക്കുവേണ്ടിയുള്ളതായിരിക്കേണ്ടതാണ് എന്നകാര്യം ബഹുഭൂരിഭാഗം ആളുകളും വിസ്മരിച്ചുകളയുന്നു എന്നത് സങ്കടകരമായ ഒരു സത്യമാണ്.

''ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ (ആത്മാവിനെ) നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? എന്ന യേശു ക്രിസ്തുവിന്റെ പ്രബോധനം ആത്മരക്ഷയെപ്പററി ചിന്തയുള്ള ഏതൊരു വ്യക്തിയും ബോധപൂർവ്വം സ്വീകരിക്കേണ്ടതാണ്. മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ കുററത്തിൽ നിന്നും ശിക്ഷയിൽ നിന്നും വീണ്ടെടുക്കേണ്ടതിന് വേണ്ടതെല്ലാം ദൈവം താൻ തന്നെ ചെയ്തു കഴിഞ്ഞു. യേശു ക്രിസ്തു പാപപരിഹാരയാഗമായ തന്റെ മരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും വിശ്വസിക്കുകയും (ആശ്രയിക്കുകയും) പാപങ്ങളെ പശ്ചാത്താപപൂർവ്വം ഏററു പറഞ്ഞു ഉപേക്ഷിച്ചുകൊണ്ട് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന ഏതൊരു വ്യക്തിക്കും സൗജന്യമായ പാപമോചനവും ആത്മരക്ഷയും നൽകുന്നു. എന്നാൽ ആസന്നമായ യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെയുള്ള കാലഘട്ടത്തിൽ മാത്രമേ ആത്മ രക്ഷ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ തന്റെ രണ്ടാമത്തെ വരവിനു വേണ്ടി ഒരുങ്ങിയിരിപ്പിൻ എന്ന യേശു ക്രിസ്തുവിന്റെ പ്രബോധനം ഏവരും ശ്രദ്ധിക്കേണ്ടതാണ്. വിധിനിർണ്ണായകമായ ആസംഭവത്തെപ്പററി യേശു ക്രിസ്തു ഇങ്ങനെ പറഞ്ഞു.

''നോഹയുടെ കാലം പോലെ തന്നെ മനുഷ്യ പുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും, വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും. ഒരുത്തനെ കൈക്കൊള്ളും മററവനെ ഉപേക്ഷിക്കും. ഒരുത്തിയെ കൈക്കൊള്ളും മററവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ; അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ.''

## സ്വാതന്ത്ര്യത്തിലേക്കുള്ള ചുവടുവയ്പ്പുകൾ

എല്ലാവഴികൾക്കും ഒരു തുടക്കമുണ്ട്.... എന്നാൽ ഈ വഴി തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ സത്യവേദപുസ്തകമാകുന്ന വഴികാട്ടി പറയുന്നതുപോലെയാണ്.

ദൈവത്തിന്റെ വചനം ജീവനും ചൈതന്യമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തങ്ങളേയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു (എബ്രായർ 4:12). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകുകയില്ല.

***

(7-ാം പേജിന്റെ തുടർച്ച)

''സഹോദരന്മാരേ, തേജസുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുതു'' എന്നും, ''മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു'' എന്നും, പാപത്തിന്റെ ശമ്പളം മരണമത്രേ'' എന്നും, തിരുവചനം നമ്മെ പഠിപ്പിക്കുന്നു.'' നിങ്ങൾ ലംഘനക്കാർ എന്നു ന്യായപ്രമാണത്താൽ തെളിയുന്നു. ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെററിയാൽ അവൻ സകലത്തിന്നും കുററക്കാരനായി തീർന്നു. ''കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം'' എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയ ന്യായപ്രമാണം നിങ്ങൾ നിവൃത്തിക്കുന്നു എങ്കിൽ നന്നു ''എന്നും പഠിപ്പിക്കുന്നു (യാക്കോ 2:1). (വാക്യം 8-10) (റോമർ 6:23). അതുകൊണ്ട് നാം'' സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കയും പ്രവർത്തിക്കയും ചെയ്‌വിൻ, കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും; കരുണ ന്യായവിധിയെ ജയിച്ച് പ്രശംസിക്കുന്നു.'' (യാക്കോ 2:12,13). ഈ വേദഭാഗങ്ങളിൽ ''രാജകീയ ന്യായപ്രമാണം'' എന്നും, (വാക്യം 8) ''സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം'' എന്നും പഠിപ്പിക്കുന്നത് പുതിയ നിയമത്തെക്കുറിച്ചാണു (വാക്യം 12). സ്നേഹം ഉണ്ടെങ്കിൽ നമുക്കു കരുണയും ഉണ്ടായിരിക്കും. നാം മുഖപക്ഷം കാണിക്കയുമില്ല.

''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു;........ എന്റെ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.'' (മത്തായി 25: 31-46). ദൈവത്തിന്റെ നിത്യ രാജ്യം അവകാശമാക്കുവാൻ സഹായി

ക്കുന്ന വിശ്വാസത്തിൻെറ ഏററവും മുഖ്യമായ പ്രവൃത്തികളെയാണ് കർത്താവ് ഇവിടെ ചൂണ്ടിക്കാണിക്കുന്നതു. (യാക്കോ 1:27) (മത്താ 25:34-46). എന്നാൽ സ്നേഹമില്ലാത്തവരാൽ ഇതൊന്നും സാദ്ധ്യമല്ല. "'സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നതിനാൽ'" വിശ്വാസികളുടെയിടയിൽ ഉണ്ടാകുന്ന കുറവുകളും ബലഹീനതകളും പരിഹരിക്കേണ്ടതു സ്നേഹത്താലാണു:- (1 പത്രോ 4:7-9).

എങ്കിലും യഥാർത്ഥമായ സ്നേഹത്തിൻെറ മാർഗ്ഗത്തെ സ്വാർത്ഥ താല്പര്യങ്ങൾക്കായി നാം ശൂന്യമാക്കാതെ പോകുന്നുണ്ടോ? ബലഹീനരായ സഹോദരവർഗ്ഗത്തെ നാം പകെക്കുന്നുണ്ടോ (വെറുക്കുന്നുണ്ടോ?) നാം മുഖപക്ഷം കാണിക്കുന്നുണ്ടോ? മററുള്ളവർ നമ്മെ പുകഴ്ത്തിപ്പറയണമെന്നും നമുക്ക് കീർത്തി ലഭിക്കണമെന്നും നാം ആഗ്രഹിക്കുന്നുണ്ടോ? അതിന്നായി മററു സഹോദരങ്ങളെ തരം താഴ്ത്തുവാൻ നാം ശ്രമിക്കുന്നുണ്ടോ? ഉണ്ട് എങ്കിൽ നാം മാനസ്സാന്തരപ്പെട്ടു യഥാസ്ഥാനപ്പെടണം.... (2പത്രോ. 3;9, വാക്യം 14). ന്യായപ്രമാണപ്രകാരമുള്ള (പഴയനിയമ പ്രകാരമുള്ള) ആചാരാനുഷ്ടാനങ്ങളാൽ പാപങ്ങളെ ഇല്ലായ്മ ചെയ്യുന്ന പ്രവൃത്തികൾ ചട്ടങ്ങളാലും കല്പനകളാലും മാത്രം യാഥാർത്ഥ്യമാക്കുവാൻ നിർബന്ധിക്കുന്ന ഒരു പ്രക്രിയയാണു ഇത്, നിഷ്പ്രയോജനവുമാണ്. (ഗലാ. 3:10-14) (എബ്രാ. 7:14-19). അതെ സമയം പുതിയ നിയമാനുസരണം പരസ്പര സ്നേഹത്താൽ പാപങ്ങളെ ലഘൂകരിച്ചു ഇല്ലായ്മ ചെയ്യുന്ന പ്രവൃത്തികൾ സ്വാഭാവികമായതും അതു യാഥാർത്ഥ്യമാക്കുന്നതു സത്യത്തിൻെറ പരിജ്ഞാനത്താലുമാണ് (ഹോശെയ,4;6) 1പത്രോ. 5:2.3) (1തിമൊ.2:4).

ആയതിനാൽ "'ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് നമ്മുടെ മനസ്സു പുതുക്കി രൂപാന്തരപ്പെടുവാൻ ദൈവം നമുക്കു ജ്ഞാനം നല്കുന്നതിന്നായി നമുക്ക് പ്രാർത്ഥിക്കാം (റോമ 12:2). അവിശ്വാസികൾ യേശു ക്രിസ്തുവിൻെറ സത്യ വചനം കേൾക്കയും, വിശ്വസിക്കയും, മാനസ്സാന്തരപ്പെട്ട്, യേശു ദൈവപുത്രനെന്ന് ഏററു പറഞ്ഞു പാപങ്ങളുടെ മോചനത്തിന്നായി യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കയും ചെയ്താൽ അവർക്കു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിച്ച് അവർ രക്ഷിക്കപ്പെടുകയും സത്യ വിശ്വാസികളായിത്തീരുകയും ചെയ്യും. ഒരു വിശ്വാസിയായിത്തീരേണ്ടതിന്നും വിശ്വസ്തരായി ജീവിക്കേണ്ടതിന്നും പുതിയ നിയമാനുസരണമല്ലാതെ ആർക്കും കഴികയില്ല. അതിനായി ദൈവം സകല മനുഷ്യർക്കും കൃപ നല്കട്ടെ.

***

(4-ാം പേജിന്റെ തുടർച്ച)

യിൽവെള്ളം കോരി ഒഴിച്ച് സ്നാനപ്പെടുത്തുന്നതായിട്ടാണ് കാണുന്നതു. അതു അസാധാരണവും ദൈവ വചനത്തിനു വിരുദ്ധവുമാണ് സാമുദായിക ചടങ്ങുകളെ അടിസ്ഥാനമാക്കി വരച്ചതും ഭാവനയിൽ അഭിനയിച്ചതുമാണ് അവയെല്ലാം. അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞിരിക്കുന്നതു: ''യോഹന്നാനും ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു; അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു; ആളുകൾ വന്നു സ്നാനമേററു (യോഹന്നാൻ 3 : 23) യേശുവിനെ സ്നാനപ്പെടുത്തിയ സമയത്തു യോഹന്നാൻ യോർദ്ദാൻ നദിയിലായിരുന്നു സ്നാനപ്പെടുത്തിയിരുന്നതു. മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്നതു: സ്നാനമേററ ശേഷം ക്രിസ്തു വെള്ളത്തിൽ നിന്നും കയറി എന്നാണ്. യോഹന്നാൻ അല്പം വെള്ളം എടുത്തു അവന്റെ തലയിൽ ഒഴിക്കുകയോ തളിക്കുകയോ ചെയ്യുകയായിരുന്നു വെങ്കിൽ എന്തിനു യേശു വെള്ളത്തിൽ ഇറങ്ങണം? അതു ഏതു സ്ഥലത്തും ആകാവുന്നതേയുള്ളു. പക്ഷേ യോർദ്ദാൻ നദിയിൽ ധാരാളം വെള്ളം ഉണ്ടായിരുന്നതുകൊണ്ട് യേശു വെള്ളത്തിൽ ഇറങ്ങി. യോഹന്നാൻ അവനെ മുങ്ങൽ അഥവാ നിമജ്ജനം കഴിപ്പിച്ചു. സ്നാനമെന്ന പദത്തിന്റെ അർത്ഥം, അടക്കം അല്ലെങ്കിൽ മുങ്ങൽ എന്നതാണ്. അതിനെക്കാളുപരി അതു അക്ഷരികമായ വെള്ളത്തിൽ തന്നെയാണു നടന്നതും.

ഐത്യോപ്യക്കാരനായ ഒരാൾ സ്നാനമേററ സംഭവം ബൈബിളിൽ വിവരിക്കുന്നതു സ്പഷ്ടമാക്കുന്നതും മറെറാന്നല്ല. സുവിശേഷകനായിരുന്ന ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങിയെന്നും ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചുവെന്നും നാം വായിക്കുന്നു. അതിനുശേഷം അവർ ഇരുവരും വെള്ളത്തിൽ നിന്നും കയറി എന്നും എടുത്തുപറയുന്നു. ഈ രണ്ടു സന്ദർഭത്തിലും എന്തു സംഭവിച്ചു എന്നതു സംശയരഹിതമായി വ്യക്തമായിരിക്കുന്നു (പ്രവൃത്തി 8 : 36-39). ആരെങ്കിലും ഇതിനോടു തർക്കിക്കുകയാണെങ്കിൽ അയാൾ തന്റെ നിഴലിനോടു തർക്കിക്കുന്നതായിട്ടേ കണക്കാക്കാനൊക്കു.

വിശ്വസിക്കാത്ത ആരും സ്നാനമേല്ക്കുകയില്ല എന്നു കർത്താവിനറിയാം. അതുകൊണ്ടത്രെ അവൻ പറഞ്ഞതു: വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' എന്ന്. ഒരാൾ കർത്താവിനെ വിശ്വസിക്കുന്നു എന്നു പറയുകയും സ്നാനമേല്ക്കാതിരിക്കുകയും ചെയ്യുമ്പോൾ അതു നിഷേധാത്മകമായിമാറുന്നു. രക്ഷപ്രാപിക്കണമെന്ന ആഗ്രഹമുള്ളവരേ ഇതു രണ്ടും അനുവർത്തിക്കയുള്ളു. നഷ്ടപ്പെട്ടാലും കുഴപ്പമില്ല എന്ന ചിന്താഗതിക്കാർ തങ്ങളുടെ നിർജ്ജീവ വിശ്വാസത്തിൽ നിലനിന്നാലും പ്രയോജനമൊന്നുമില്ല. ആത്മാവിന്റെ നഷ്ട സംഭവ്യത ഒഴിവാക്കുകയല്ലേ നല്ലതു ? അത്തരം സാഹസത്തിനു

നിങ്ങൾ തുനിയുന്നുവെങ്കിൽ നിങ്ങൾ പ്രത്യാശയില്ലാത്തവരുടെ ഗണത്തിൽ പെടും.

വെള്ളത്തിൽ എങ്ങനെയാണ് രക്ഷ കിട്ടുന്നത് ? വെള്ളത്തിനു രക്ഷിക്കുവാനുള്ള ശക്തി ഉണ്ടെന്നു ആരും പറഞ്ഞില്ല. വെള്ളമല്ല രക്ഷിക്കുന്നതു. ക്രിസ്തുവാണ് രക്ഷിക്കുന്നതു. തന്റെ കല്പനകളെ അനുസരിക്കുന്നവരെയാണ് അവൻ രക്ഷിക്കുന്നതു. ആ കല്പനകളിൽ ഒന്നാണ് വെള്ളത്തിൽ അടക്കപ്പെടുക, സ്നാനപ്പെടുക എന്നതു. അനുസരണത്തിനു നോഹയെ പലപ്പോഴും നാം ഉദാഹരണമായി എടുക്കാറുണ്ട്. വെള്ളമല്ല നോഹയെ രക്ഷിച്ചതു, പിന്നെയോ വെള്ളത്താൽ അവൻ രക്ഷ പ്രാപിച്ചു. എന്താണ് വ്യത്യാസം?വെള്ളമല്ല രക്ഷകനായി തീർന്നതു ദൈവമായിരുന്നു. തന്റെ കല്പനകൾ നോഹ അനുസരിച്ചപ്പോൾ ദൈവം അവനെ രക്ഷിച്ചു. പെട്ടകം ഉണ്ടാക്കുവാനും സകല ജന്തുക്കളോടും കൂടെ അതിൽ പ്രവേശിക്കുവാനുള്ള നിർദ്ദേശം അവൻ അനുസരിച്ചു. ദുഷ്ടമനുഷ്യരെ നോഹയുടെ കാലത്ത് വെള്ളത്താൽ നശിപ്പിച്ചു എന്നതു വാസ്തവമായിരുന്നു. അതേ വെള്ളം നോഹയെയും കുടുംബത്തേയും രക്ഷിച്ചു. വെള്ളം പൊങ്ങിയപ്പോൾ നോഹയും മററും കയറിയ പെട്ടകവും ഉയർന്നു. അങ്ങനെ നോഹയും പെട്ടകത്തിലുണ്ടായിരുന്ന എല്ലാം രക്ഷപ്പെടുവാൻ കാരണമായിതീർന്നു. നോഹയോടു പെട്ടകമുണ്ടാക്കാൻ പറയുമ്പോൾ അന്നു മഴയില്ലാതിരുന്നതിനാൽ നോഹക്കു വേണമെങ്കിൽ ദൈവത്തോട് വാദിക്കാമായിരുന്നു. അങ്ങനെ തർക്കിച്ചിരുന്നെങ്കിൽ നോഹയും കുടുംബവും രക്ഷപ്പെടുമായിരുന്നില്ല. ഇന്നു, വെള്ളത്തിൽ എന്തിരിക്കുന്നു? വെള്ളമാണോ രക്ഷിക്കുന്നത്? എന്നെല്ലാം ചോദിച്ച് സ്നാനപ്പെടാതിരിക്കുന്നവർക്കു എന്തു സംഭവിക്കും ? അവർ ദൈവത്തിന്റെ കല്പനയെ അനുസരിക്കാതെ നിഷേധിക്കകൊണ്ട് അവർക്ക രക്ഷപ്രാപിപ്പാൻ കഴിയുകയില്ല.

സ്നാനം കൊണ്ടു മാത്രം രക്ഷ കിട്ടുമോ? 1 പത്രോസ് 3:21ൽ പത്രോസ്, സ്നാനം നമ്മെ രക്ഷിക്കുന്നു എന്നു പറയുമ്പോൾ സ്നാനം കൊണ്ടു മാത്രം അതു നടക്കുന്നു എന്ന് പറഞ്ഞിട്ടില്ല. രക്ഷ പ്രാപിക്കുന്നതിനു ആവശ്യമായ ധാരാളം കാര്യങ്ങൾ ദൈവം പറഞ്ഞിട്ടുണ്ട്. അവയിൽ ഒന്ന് മാത്രമാണ് സ്നാനം. ഒരു കാര്യം കൊണ്ടുമാത്രമല്ല അതിനു ആധാരമായിരിക്കുന്ന മററെല്ലാ കാര്യങ്ങളും അനുഷ്ഠിക്കുമ്പോൾ നമുക്ക് രക്ഷ കിട്ടുന്നു. ഉദാഹരണമായി വിശ്വാസം കൊണ്ടു മാത്രം രക്ഷകിട്ടുന്നില്ല; മാനസാന്തരം ഒന്ന് കൊണ്ടു മാത്രം രക്ഷിക്കപ്പെടുന്നില്ല; ക്രിസ്തുവിനെ ഏററു പറയുന്നതു കൊണ്ടു മാത്രവുമായില്ല, സ്നാനം ഒന്ന് കൊണ്ടു മാത്രവും ലഭിക്കുന്നില്ല. പക്ഷേ ഒരാൾ, കർത്താവിന്റെ അരുളപ്പാടുകളെല്ലാം അനുസരിക്കുമ്പോൾ, ആ അനുസരണം അവനെ രക്ഷക്കു സഹായിക്കുന്നു. ഈ കല്പനയെ

അംഗീകരിച്ച് അനുസരിച്ചല്ലാതെയുള്ള സ്നാനം സ്നാനമേയാകുന്നല്ല. അതുകൊണ്ട് രണ്ടാമതൊരു സ്നാനമെന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതായതു ഒരാൾ ദൈവേഷ്ട പ്രകാരമല്ലാതെയുള്ള ഒരു ചടങ്ങായി സ്നാനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അതു ദൈവം അംഗീകരിക്കുന്നില്ല. മനുഷ്യരുടെ കല്പന പ്രകാരമുള്ളയാതൊന്നും ദൈവം സ്വീകരിക്കുകയില്ല. ദൈവം തൻെറ ഹിതം വെളിപ്പെടുത്തിയിരിക്കുന്നതു വെറുതെയല്ല, നാം അതു അനുസരിച്ച് രക്ഷ പ്രാപിക്കുന്നതിനാണ്. നമ്മുടെ ഉദ്ദേശം അല്ലല്ലൊ ദൈവത്തിനുള്ളതു. നമ്മുടെ പ്രവൃത്തികളെ ദൈവമുൻപാകെ ന്യായീകരിക്കാനും സാദ്ധ്യമല്ല.

എപ്പോഴാണ് ഒരാൾ സ്നാനമേല്ക്കേണ്ടത്? ഒരാൾക്ക് ദൈവത്തിൽ വിശ്വാസം വരുമ്പോൾ, അയാൾക്കു മാനസാന്തരപ്പെടുവാനുള്ള പ്രായമാകുമ്പോൾ, യേശുക്രിസ്തു ദൈവപുത്രനാണെന്നു വായ്കൊണ്ടു ഏററു പറയുവാനുള്ള പ്രായമാകുമ്പോൾ, പാപമോചനത്തിനായി മുങ്ങൽ സ്നാനമേല്ക്കാം (എബ്രായർ 11:6; പ്രവൃത്തി 17:30; മത്തായി 10:32; റോമർ 10:10; പ്രവൃത്തി 2:38). രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന വ്യക്തിയാണ് അതു ചെയ്യേണ്ടതു. അയാൾക്കു വേണ്ടി അതു മററാരും ചെയ്യാൻ സാദ്ധ്യമല്ല.

ഒരാൾ സ്നാനമേല്ക്കാതെ മരിച്ചുപോയാലോ? നാം ജീവനോടു കൂടെയിരിക്കുന്നവരുമായിട്ടാണ് ഇടപെടുന്നതു. തിരിച്ചറിവുള്ള എല്ലാവരും വിശ്വസിക്കുകയും സ്നാനമേല്ക്കുകയും വേണം. നാം ഓരോരുത്തരും ദൈവത്തിന്നു കണക്കു ബോധിപ്പിക്കേണ്ടവരാണ്. മരിച്ചവരോട് ദൈവം ന്യായവിധിനാളിൽ ഇടപെടും. നമുക്കു നീതിമാനായ ഒരു ന്യായാധിപനാണുള്ളതു. നമുക്കു ആരെയും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ അയക്കാൻ സാദ്ധ്യമല്ല. ബന്ധുവോ സ്നേഹിതനോ സ്നാനം കൂടാതെ മരിച്ചു എന്ന കാരണത്താൽ നാം സ്നാനപ്പെടാതിരുന്നാൽ രക്ഷിക്കപ്പെടും എന്നു ചിന്തിക്കരുത്. ഇപ്പോൾ നാം ദൈവ കല്പനയോടു കടപ്പെട്ടിരിക്കുന്നു. മരിച്ചവരെക്കുറിച്ച് ചിന്തിച്ച് സമയം കളയാതെ ദൈവത്തിൻെറ നിർദ്ദേശത്തെ സദയം കൈക്കൊള്ളുക.

ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കിയതു നിങ്ങൾക്കു പ്രയോജനകരമായിതീരട്ടെ എന്നതാണ് ഞങ്ങളുടെ പ്രാർത്ഥന. സ്നാനത്തെ സ്നാനമായിമാത്രം കാണാതെ അതു കർത്താവിൻെറ കല്പനയായി സ്വീകരിക്കുകയാണെങ്കിൽ പ്രശ്നമില്ല. കർത്താവിൻെറ ഉപദേശത്തെ മനുഷ്യർ മാററുവാൻ തുടങ്ങുന്നതുകൊണ്ടാണ് പ്രശ്നങ്ങളും സംശയങ്ങളും ചോദ്യങ്ങളും ഉത്ഭവിക്കുന്നത്.

***

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-1100049.

Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—Satya Susamachar—Speaker : Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi–110049.

Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P.M.
Saturdays— 8 : 00 P.M. to 8 : 15 P.M.
Sundays — 9 : 00 A M. to 9 : 15 A.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada–533001.

Sundays — 2 : 30 to 2 : 45 P. M.
Tuesdays — 2 : 30 to 2 : 45 P. M.
Thursdays—2 : 30 to 2 : 45 P. M.
Fridays — 2 : 30 to 2 : 45 P. M.
Saturdays— 2 : 30 to 2 : 45 P. M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P. M.
Sundays — 6 : 45 to 7 : 00 P. M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-695034 Kerala.

Tuesdays & Fridays—3 : 15 to 3 : 30 P. M.

**KANNADA**—The Voice of truth– Speaker: Robert Rathnakar–Box. 448, Bangalore–560004

Sundays 1 : 45 P. M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place :

**CHURCH OF CHRIST BUILDING**
Sunny Meads Lane :
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From
**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034